പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2793

02.04.2013 ൽ മറുപടിയ്ക്ക്

വിവിധതരം പട്ടയങ്ങളുടെ കൈമാറ്റം

ചോദ്യം
ശ്രീ.പി.ഉബൈദുള്ള

ഉത്തരം
ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | വിവിധതരം പട്ടയങ്ങൾ കൈമാറ്റം ചെയ്യുന്നതിനുള്ള നിയമങ്ങൾ വിശദമാക്കുമോ; | (എ) | നിലവിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും മുനിസ്സിപ്പൽ പ്രദേശങ്ങളിൽ 1995 ലെ മുനിസിപ്പൽ/കോർപ്പറേഷൻ പതിവ് ചട്ടങ്ങൾ പ്രകാരവുമാണ് ഭൂമി പതിച്ചു നൽകുന്നത്. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകുന്ന ഭൂമി 25 വർഷം കഴിഞ്ഞു മാത്രമേ കൈമാറ്റം ചെയ്യാൻ പാടുള്ളു എന്ന് 24.1.2009 ലെ ജി.ഒ. (പി) 49/2009/ആർ.ഡി പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പതിവ് ചട്ടം 11 പ്രകാരം പതിച്ചു നൽകുന്ന ഭൂമി 12 വർഷം കഴിഞ്ഞു മാത്രമേ അന്യാധീനപ്പെടുത്താൻ വ്യവസ്ഥയുള്ളൂ. കേരള ഭൂ പരിഷ്കരണ (സീലിംഗ്) ചട്ടങ്ങൾ 1970 പ്രകാരം പതിച്ചു കിട്ടി ഭൂമി കൈമാറ്റം ചെയ്യാവുന്ന കാലാവധി 12വർഷത്തിൽ നിന്നും 20 വർഷമായി ഉയർത്തിക്കൊണ്ട് 11.3.2009 ലെ ജി.ഒ.(പി) 129/2000/റവന്യു നമ്പരായി ഉത്തരവായിട്ടുണ്ട്. |
| (ബി) | 1977 ജനുവരി 1 ന് മുമ്പ് വനഭൂമിയിൽ പ്രവേശിച്ചവർക്ക് നൽകുന്ന പട്ടയങ്ങൾ കൈമാറ്റം ചെയ്യാൻ അനുവാദം നൽകി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ. എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 16.11.2010 ലെ ജി.ഒ.(പി) നം.456/2010/ആർ.ഡി പ്രകാരം 1.1.1977 ന് മുമ്പുള്ള വന ഭൂമി കുടിയേറിയവർക്ക് 1993-ലെ കേരള ഭൂമി പതിവ് പ്രത്യേക ചട്ടങ്ങൾ അനുസരിച്ച് പതിച്ചുകൊടുക്കുന്ന ഭൂമി, ചട്ടം 3 ലെ വ്യവസ്ഥകൾ പ്രകാരമുള്ള ഉപയോഗങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുവാൻ പാടില്ല എന്ന നിബന്ധന പാലിച്ചു കൊണ്ട് കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | 1977 ന് മുമ്പ് വനഭൂമിയല്ലാത്ത സർക്കാർ ഭൂമി കൈവശമുള്ളവർക്ക് ലഭിക്കുന്ന പട്ടയങ്ങൾ കൈമാറ്റം ചെയ്യാൻ 12 വർഷം വേണമെന്ന നിബന്ധന നിലവിലുണ്ടോ; | (സി) | ഏത് ചട്ട പ്രകാരമാണോ ഭൂമി പതിവ് നടന്നിട്ടുള്ളത് പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ ബാധകമാണ്. |
| (ഡി) | എങ്കിൽ വനഭൂമി പട്ടയ കൈമാറ്റ നിയമം, വനഭൂമിയല്ലാത്ത സർക്കാർ ഭൂമി കൈവശക്കാർക്കും ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

Rajeev

സെക്ഷൻ ഓഫീസർ